(സി) ടെണ്ടർ അംഗീകരിച്ചതിനുശേഷം മാത്രമേ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) എഗ്രിമെന്റ് വച്ച് പണി തുടങ്ങി 20 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തെണ്ടപ്പറമ്പ് പി.എച്ച്.സി.

87 [274] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ തെണ്ടപ്പറമ്പ് പി.എച്ച്.സി.-യ്ക്ക് മുൻവശം കുഴൽ കിണർ നിർമ്മിക്കുവാനുള്ള ആവശ്യം നടത്തിയത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്ര ഭൂജല വകുപ്പ് തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ തെണ്ടപ്പറമ്പ് പി.എച്ച്. സി.-യ്ക്ക് മുൻവശം പഠനത്തിനായി ഒരു നിരീക്ഷണ കിണർ കുഴിക്കുവാൻ തീരുമാനിക്കുകയും പഞ്ചായത്തിന് അനുവാദം നൽകുകയും ചെയ്തു. എന്നാൽ നാട്ടുകാരുടെ എതിർപ്പുമൂലം പ്രസ്തുത തീരുമാനം ഉപേക്ഷിക്കേണ്ടിവന്നു.

പറവൂരിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ

88 [275] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറവൂരിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിന് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

പറവൂർ പൊഴിക്കര റഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾക്ക് 1999-ലെ നിരക്ക് പ്രകാരം 81 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2004-2005 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. 2004-ൽ നിലവിൽ വന്ന പുതിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ടി പ്രോജക്ട് നബാർഡ് സ്കീമിൽ (RIDFX) ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിള്ളി കരമനയാറുകളുടെ പ്രവാഹ ദൈർഘ്യം

89 [276] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറ് കരമനയാറ് എന്നിവയ്ക്ക് എത്ര കി. മീറ്റർ പ്രവാഹ ദൈർഘ്യം ഉണ്ട് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ നഗര പ്രദേശം എത്ര കി. മീറ്ററാണ്.

(സി) ഈ ആറുകളുടെ പ്രഭവകേന്ദ്രങ്ങളും സംഗമസ്ഥാനങ്ങളും എവിടെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആറുകളുടെ ജലം എന്തെല്ലാം ആവശ്യങ്ങൾക്കായി സർക്കാരും തദ്ദേശ സ്ഥാപനങ്ങളും ഉപയോഗിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ആറുകളുടെ ഉത്ഭവ സ്ഥാനത്തുനിന്നും ശേഖരിച്ച ജലകണങ്ങൾ മിനറൽ വാട്ടറിനേക്കാൾ സംശുദ്ധവും നഗരമേഖലയിൽനിന്ന് ശേഖരിച്ച ജല കണങ്ങൾ അതീവ മാരകവുമാണെന്ന ഗവേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കിള്ളി, കരമന ആറുകളിലെ ജലസംരക്ഷണത്തിനായി മണ്ണ് സംരക്ഷണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രയോജനവും ശാസ്ത്രീയമായ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇറിഗേഷൻ വകുപ്പ് മുൻകൈയെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി പങ്കാളിയാക്കി സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പുതിയൊരു കർമ്മ പദ്ധതി തയ്യാറാക്കുമോ;

(എച്ച്) പ്രസ്തുത ജലവാഹിനികളെ സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരമനയാറിന് 68 കി. മീറ്ററും കിള്ളിയാറിന് 35 കി. മീറ്ററും പ്രവാഹ ദൈർഘ്യം ഉണ്ട്.

(ബി) തിരുവനന്തപുരം നഗരപ്രദേശത്ത് കരമനയാറിന് 23 കി. മീറ്ററും കിള്ളിയാറിന് 20 കി. മീറ്ററും പ്രവാഹ ദൈർഘ്യം ഉണ്ട്.

(സി) കരമനയാർ നെടുമങ്ങാട് താലൂക്കിൽ ചാമുണ്ടിക്കുന്നിൽ നിന്ന് ഉത്ഭവിച്ച് പുത്തുറപൊഴിവഴി കടലിൽ ചേരുന്നു. കരമനയാറിന്റെ പോഷകനദിയായ കിള്ളിയാർ നെടുമങ്ങാട് നിന്നും തുടങ്ങി പള്ളത്തുകടവ് എന്ന സ്ഥലത്ത് കരമനയാറുമായി യോജിക്കുന്നു.

(ഡി) കരമനയാറിലെ ജലം കുടിവെള്ളത്തിനായി കേരള വാട്ടർ അതോറിറ്റി ഉപയോഗപ്പെടുത്തുന്നു. കിള്ളിയാറിലെ ജലം കുടിവെള്ളത്തിനൊഴികെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

(ഇ) ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇല്ല.

(ജി) അരുവിക്കര, പേപ്പാറ ഡാമുകളുടെ വൃഷ്ടിപ്രദേശം സംരക്ഷിച്ച് ജല സംഭരണശേഷി നിലനിർത്തുന്നതിനും ജലമലിനീകരണം നിയന്ത്രിക്കുന്നതിനും അരുവിക്കര മണ്ണ് ജലസംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(എച്ച്) കരമന, കിള്ളിയാറുകളുടെ സംരക്ഷണത്തിനായി 456 ലക്ഷം രൂപ ചെലവുവരുന്ന ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സംരക്ഷണ നടപടികൾ എടുത്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly